<u>**പതിനാലാം കേരള നിയമസഭ**</u>

<u>**പതിനഞ്ചാം സമ്മേളനം**</u>

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 4609

25.06.2019-ൽ
മറുപടിയ്ക്ക്

## <u>ഭവനനിർമ്മാണ ബോർഡ് ജീവനക്കാർക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി</u>

<u>**ചോദ്യം**</u>

ശ്രീ. ഐ.സി. ബാലകൃഷ്ണൻ

<u>**ഉത്തരം**</u>

ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും
വകുപ്പ് മന്ത്രി)

സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആവിഷ്കരിച്ച് നടപ്പിലാക്കിയ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഭവന നിർമ്മാണ ബോർഡ് ജീവനക്കാർക്കും പെൻഷൻകാർക്കും കൂടി ബാധകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാന സർക്കാർ 24.04.2017-ലെ സ.ഉ (അച്ചടി) നം.54/2017/ധന പ്രകാരം നടപ്പാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ സംസ്ഥാന ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയ്ഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക - അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബ പെൻഷൻകാർ, സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവ്വകലാശാലകളിലെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും ജീവനക്കാർ / പെൻഷൻകാർ / കുടുംബ പെൻഷൻകാർ എന്നിവരും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാൻമാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ /കുടുംബ പെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും, സംസ്ഥാന സർക്കാരിനു കീഴിൽ സേവനമനുഷ്ഠിക്കുന്ന

അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐച്ഛികാടിസ്ഥാനത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. സംസ്ഥാന ഭവനനിർമ്മാണ ബോർഡിലെ ജീവനക്കാരെ നിലവിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഭവന നിർമ്മാണ ബോർഡിലെ ജീവനക്കാരെ ഉൾപ്പെടുത്തുന്ന വിഷയം പ്രായോഗികതയുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ